**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ 2015-16 സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കുന്നതിന് പദ്ധതി ഭേദഗതി ചെയ്ത് തുക കണ്ടെത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ.(സാധാ)നം. 384/2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 30.01..2016.

പരാമർശം:- 1. സ.ഉ.(കൈ)നം.241/2015/തസ്വഭവ, തീയതി 22.07.2015.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.01.2016 ലെ 2.4 നമ്പർ യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽ നിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സാമ്പത്തിക വർഷം അവസാനിക്കാൻ മൂന്നു മാസമേ ഉള്ളൂ എന്നതിനാൽ ടി കിയോസ്കുകൾ ഈ സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കുന്നതിന് പദ്ധതി ഭേദഗതി ചെയ്ത് തുക കണ്ടെത്തുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ആയതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ചീഫ് ജനറൽ മാനേജർ, കെൽട്രോൺ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ